LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ 27 കുടുംബങ്ങൾക്ക് കടൽ ഭിത്തിയോട് ചേർന്നുള്ള സ്ഥലത്തിന് പട്ടയം നൽകണമെങ്കിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനിവാര്യമാണ്. ആയത് ലഭിച്ചിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത ഭൂമി CRZ പരിധിയിൽ വരുന്നതായതിനാൽ ടി സ്ഥലത്ത് കൺസ്ട്രക്ഷൻ അനുവദിക്കാമോ എന്ന വിഷയത്തിൽ CESS-ന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(ബി&സി) ഉണ്ട്. 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11 (2) V പ്രകാരം കടലിന്റെ ഹൈവാട്ടർ മാർക്കിൽനിന്നും 100 അടി ദൂര പരിധിയിലുള്ള ഭൂമി പതിച്ചുകൊടുക്കുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

**വെള്ളപ്പൊക്കദുരിതാശ്വാസ ജോലികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനു നടപടി**

165 (1208) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെള്ളപ്പൊക്കദുരിതാശ്വാസ നിധി (FLOOD RELIEF FUND) വിനിയോഗിച്ച് നിർവ്വഹിക്കപ്പെടുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ജോലിക്കുടുതൽ കാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നിർവ്വഹണ ചുമതല മാറ്റി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസനിധി വിനിയോഗിച്ച് നിർവ്വഹിക്കപ്പെടേണ്ടുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ജോലിക്കുടുതൽ കാരണം നിർവ്വഹിക്കപ്പെടുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. അതിനാൽ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മാറ്റി പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

**റവന്യൂ വകുപ്പിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

166 (1209) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവ ഓരോന്നിനും അനുവദിച്ച തുക, ബഡ്ജറ്റിൽ വകയിരുത്തിയ തുക എന്നിവ എത്ര ;

(സി) 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയതല്ലാതെ ഏതെങ്കിലും തരത്തിൽ തുക ഇതിനായി കണ്ടെത്തി ഉപയോഗിക്കുകയുണ്ടായോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഓരോ പദ്ധതിക്കും ഇതിനകം ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെങ്കിലും ഇന്നുവരെ തുടങ്ങാൻ കഴിയാതെ വന്നിട്ടുണ്ടോ ; വിശദമാക്കാമോ ;

(എഫ്) പദ്ധതികൾ പൂർത്തീകരിക്കാൻ ഇനി എത്ര ദിവസങ്ങൾ വേണ്ടിവരുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 1. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി.

2. സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി.

3. കാലാവധി കഴിഞ്ഞ പാട്ടക്കേസുകളിന്മേലുള്ള നടപടി.

4. ലക്ഷം വീട് താമസക്കാർക്കും പുറമ്പോക്ക് നിവാസികൾക്കും പട്ടയവിതരണം.

5. റവന്യൂ മീഡിയ സെൽ രൂപീകരണം.

6. റവന്യൂ സർവ്വേ അദാലത്ത്.

(ബി) 2013-14 സാമ്പത്തിക വർഷം ആരംഭിച്ച സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി സർക്കാർ ഉത്തരവ് (സാധാ) 1633/14/റവ. തീയതി 26-3-2014 പ്രകാരം 2013-14 സാമ്പത്തിക വർഷം 1.40 കോടി രൂപയുടെയും സർക്കാർ ഉത്തരവ് (സാധാ) 2413/14/റവ. തീയതി, 3-6-2014, സർക്കാർ ഉത്തരവ് (സാധാ) 4247/14/റവ. തീയതി, 30-8-2014 എന്നിവ പ്രകാരം 2013-14 സാമ്പത്തിക വർഷം 4,69,09,900 രൂപയുടെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2013-14-ൽ 1.40 കോടി രൂപയും 2014-15-ൽ 4.70 കോടി രൂപയുമാണ് ടി പദ്ധതിക്കായി ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഭ്രഹിതരില്ലാത്ത കേരളം പദ്ധതിക്കായി 10 കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. ഇതിൽ 9.50 കോടി രൂപ ചെലവാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റു പദ്ധതികൾക്ക് ബഡ്ജറ്റിൽ പ്രത്യേക തുക അനുവദിച്ചിട്ടില്ല.

(സി) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക മാത്രമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഭ്രഹിതരില്ലാത്ത കേരളം പദ്ധതിക്കായി 2013-14 വർഷത്തെ ബഡ്ജറ്റ് പ്രകാരം അനുവദിച്ചതിൽ മിച്ചമുണ്ടായിരുന്ന തുക റ്റി.എസ്.ബി-യിൽ നിക്ഷേപിച്ചിരുന്നു. ഇതിൽനിന്നും 6,71,539 രൂപ നടപ്പുവർഷം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി നാളിതുവരെ 2,16,47,587 രൂപ ചെലവഴിച്ചിട്ടുണ്ട്. ഭ്രഹിതരില്ലാത്ത കേരള പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷംവരെയുള്ള കാലയളവിൽ 4,50,67,449 രൂപ ചെലവാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 3,11,64,039 രൂപ ജില്ലാകളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ഇതിൽനിന്നുള്ള ചെലവ് 31-3-2015 വരെ നടത്താൻ കഴിയുമെന്നതിനാൽ നാളിതുവരെ ചെലവായ തുകയുടെ കൃത്യമായ കണക്ക് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ലാത്തതാണ്.

(ഇ) 1. ഭ്രഹിതരില്ലാത്ത കേരളം പദ്ധതിയും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയും ഇപ്പോൾ നടന്നുവരുന്നു. മറ്റു പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ്.

2. റവന്യൂ സർവ്വേ അദാലത്ത് 14 ജില്ലകളിലും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ നടത്തി.

(എഫ്) സ്മാർട്ട് റവന്യൂ പദ്ധതിയുടെ 2013-14-ൽ ആരംഭിച്ച ഒന്നാം ഘട്ടത്തിൽ ഓരോ ജില്ലയിലും ഒന്നുവീതം ആകെ 14 വില്ലേജ് ഓഫീസുകളുടെ നവീകരണമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2015 മാർച്ച് മാസത്തിന് മുമ്പുതന്നെ പ്രസ്തുത 14 വില്ലേജുകളുടെയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നതാണ്. 2014-15 വർഷം നടപ്പിലാക്കുന്ന രണ്ടാംഘട്ടത്തിൽ എറണാകുളം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകൾ ഒഴികെ ബാക്കിയുള്ള 10 ജില്ലകളിലായി 11 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം തന്നെ രണ്ടാംഘട്ടവും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഭ്രഹിതരില്ലാത്ത കേരളം പദ്ധതി 2015 അവസാനത്തോടു കൂടി പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly